മാരാമൺ കൺവൻഷൻ 2023

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

128 മാരാമൺ കൺവൻഷൻ FEBRUARY 12-19

Published by: Malabar Mar Thoma Syrian Christian Evangelistic Association

2023 ഫെബ്രുവരി 15 ബുധൻ


### മാരാമൺ സന്ദേശം – ബുധൻ – എക്യൂമെനിക്കൽ യോഗം

## ഐക്യത്തിന്റെ ചാലകങ്ങൾ ആകേണ്ട ക്രിസ്തു സഭ

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**



*എക്യൂമെനിക്കൽ യോഗത്തിൽ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത സംസാരിക്കുന്നു*

ഇന്ന് ലോകത്ത് ഐക്യത്തിന്റെ സുവിശേഷം പങ്കു വെയ്ക്കപ്പെടേണ്ട ഇടങ്ങളായി ക്രൈസ്തവ സഭകൾ മാറേണ്ടതുണ്ട്. ശ്ലീഹന്മാരിൽ കൂടി പണിതെടുത്ത മൂലക്കല്ലിൽ സ്ഥാപിതമായ സഭ എന്നും ഒന്നായി മനുഷ്യന്റെ നന്മയ്ക്കായി നിലകൊള്ളേണ്ടതുണ്ട്. അതാണ് മർക്കോസ് തന്റെ സുവിശേഷത്തിന്റെ നാലാം അദ്ധ്യായത്തിൽ പറയുന്നത്. ഇവിടെ സഭയുടെ മാനുഷിക തലം വളരെ വ്യക്തമായി വരച്ചു കാട്ടുന്നു. കാറ്റിലും കോളിലും വഞ്ചിയുടെ അമരത്ത് തല ചായ്ച്ചു കൊണ്ട് ഉറങ്ങുന്ന ക്രിസ്തു എല്ലാ പ്രതിസന്ധികളിലും നമുക്ക് കരുത്തും ഉത്തേജകവുമാണ്. ഇന്നത്തെ പ്രതിസന്ധികളിൽ ആന്തരികവും ബാഹ്യവുമായ തലങ്ങളിൽ ക്രിസ്തുവിനെ മൂലക്കല്ലായി കാണണം. നമ്മളിൽ വ്യത്യസ്തതകളും വ്യക്തികതകളും വളരുമ്പോൾ നമ്മിൽ നന്മയുടെ സുവിശേഷം നിലച്ചു കൂടാ. പൗലോസ് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നതു പോലെ ഐതീഹ്യത്തിലൂടെ മാത്രമെ പ്രേഷിത ദൗത്യം പൂർത്തീകരിക്കാൻ സാധിക്കൂ. മാത്രമല്ല, യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിൽ മഹാപുരോഹിത പ്രാർത്ഥനയിൽ യേശുവിന്റെ ഐതീഹ്യത്തിനും ഒരുമയ്ക്കായുമുള്ള ദാഹം പങ്കു വെയ്ക്കുന്നു. വ്യത്യസ്തതകൾ നിലനിൽക്കുമ്പോഴും ദൗത്യത്തിൽ ഒന്നായി നാം തീരണം. എന്നാൽ യോഹന്നാൻ 6:11-ൽ യേശു തന്റെ കയ്യിൽ ഏൽപ്പിക്കപ്പെട്ട അപ്പം വാഴ്ത്തി പങ്കു വെയ്ക്കുന്നു. ഇത് ഐക്യത്തിന്റെ ഉദാഹരണമാണ്. തന്റെ സഭയിൽ മുറിവോ വിവേചനമോ ഉണ്ടാക്കുവാൻ പാടില്ലായെന്ന വലിയ ചിന്ത കർത്താവ് ഇവിടെ ഓർമ്മിപ്പിക്കുന്നു. കൂടാതെ നാം ഒരുമയുടെ വസ്ത്രം ധരിക്കണമെന്ന് പ്രബോധിപ്പിക്കുന്നു.

ആദിമ സഭയുടെ പ്രധാന സവിശേഷതയും അവരുടെ ഐക്യം തന്നെയാണ്. തർക്കങ്ങളിലും പ്രതിസന്ധികളിലും അവർ ഒന്നിച്ച് നിന്നതാണ് സഭയുടെ അടിസ്ഥാനം സുദൃഢമാക്കിയത്. എന്നാൽ ക്രിസ്തു ശിഷ്യരായ നാം ക്രിസ്തുവിൽ ഐക്യത്തിനായി വിളിക്കപ്പെട്ടവരാണ്. അതിനാൽ കുരിശ്ശിൽ തമ്പുരാൻ കാട്ടിത്തന്ന ഐക്യതയുടെ ഭാവമാണ് നമ്മിൽ വിളങ്ങേണ്ടത്. മാനവകുലം മുഴുവനായി ഒന്നാകേണ്ടത് ക്രൂശിലാണ്. അതിനാൽ നാം ആരാധനാ രീതികളിലും അനുഷ്ഠാനങ്ങളിലും വ്യത്യസ്തരാണെങ്കിലും നാം ഓരേ ശരീരത്തിന്റെ ഭാഗമാണെന്ന ഓർമ്മ നമ്മെ നിരന്തരം ഭരിക്കണം.

ഐക്യത്തിന്റെ ആരംഭം പരിശുദ്ധാത്മാവിലൂടെയാണ്. അതിനാൽ തങ്ങൾക്കിടയിലെ ഭിന്നതകളെ തിരിച്ചറിയുക. ത്രിത്വം പകരുന്ന ഐക്യത പിന്തുടരുകയെന്ന് തിരുവചനം ഓർമ്മിപ്പിക്കുന്നു. എന്നാൽ ക്രിസ്തു വിഭാവനം ചെയ്യുന്ന ഐക്യം സർവ്വ ചരാചരങ്ങളോടുമുള്ള ഐക്യമാണ്. നാം നമ്മിലെ വൈവിദ്ധ്യങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കണം. വിശുദ്ധ മാമ്മോദീസായിലൂടെ നാം സാർവ്വത്രിക സഭയുടെ അംഗങ്ങളായി തീരുന്നുവെന്നത് സഭയുടെ മൂല്യമാണ്. ഇതു തന്നെയാണ് ദൈവ സ്നേഹത്തിൽ കാണപ്പെടുന്ന ഐക്യത്തിന്റെ അടയാളവും മുഖമുദ്രയും. ആത്മത്യാഗവും കറയില്ലാത്ത സ്നേഹവും പ്രോത്സാഹിപ്പിക്കപ്പെടുന്നയിടത്തു മാത്രമെ ഐക്യം ഉടലെടുക്കുകയുള്ളു. ഈ ഐക്യം നമ്മിൽ ഉണ്ടാകുമ്പോൾ പ്രതിസന്ധികളുടെ നടുവിൽ സുവിശേഷത്തിൽ മുന്നേറുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

ഇന്ന് സഭ നേരിടുന്ന വെല്ലുവിളികൾ ഏറെ വരുന്നു. ഈ പ്രയാസങ്ങളെ അചഞ്ചല വിശ്വാസത്തിലൂടെ മാത്രമെ നേരിടാൻ കഴിയുകയുള്ളൂ. സഭ ഇന്ന് വെല്ലുവിളികൾ അകത്തു നിന്നും പുറത്തുനിന്നും നേരിടുന്നു. ഏത് മതത്തിൽ വിശ്വസിക്കുവാനും നമ്മുടെ രാജ്യത്ത് അവകാശമുണ്ട്. കൂടാതെ സഭ ഇന്ന് രാഷ്ട്ര നിർമ്മാണത്തിൽ കാലികമായി ഇടപെടുന്നു. വിദ്യാഭ്യാസവും ആരോഗ്യവും സേവന വിഭാഗങ്ങൾ മുതലായ ഇടങ്ങളിൽ സഭയെന്നും രാഷ്ട്രത്തിന് സംഭാവനകൾ നൽകുന്നുണ്ട്. ഇതും ഐക്യത്തിന്റെ ഉദാഹരണങ്ങളാണ്.

സഭയെന്നും മൂലഭാഷയിൽ “എക്ലീസിയ” എന്നാണ്. ഇതിന് വിളിച്ചു ചേർക്കപ്പെട്ടവരുടെ കൂട്ടമെന്നാണ് അർത്ഥം. അതിനാൽ ക്രിസ്തു സഭയുടെ ദാഹം സുവിശേഷം പങ്കുവെയ്ക്കപ്പെടേണ്ടതിനു വേണ്ടിയാകണം. ഇന്ന് നവമാധ്യമങ്ങളും വിരുദ്ധ ശക്തികളും ലാഭക്കൊതിയോടെ പ്രവർത്തിക്കുന്നു. ഈ സാഹചര്യങ്ങളിൽ നമുക്ക് ആർദ്രതയുണ്ടാകണം. സെൻസേഷണൽ വാർത്തകൾക്കായിട്ടുള്ള കണക്കുകളെ നാം തിരിച്ചറിയണം. അതിനെതിരെ ധീരമായ നിലപാടുകൾ സ്വീകരിക്കാൻ നാം തയ്യാറാകണം.

സഭയെ ഇന്ന് നവീകരണത്തിന്റെ പാതയിൽ നയിക്കപ്പെടുവാൻ നാം ശ്രദ്ധിക്കണം. ഇത് പ്രത്യാശയുടെ ചുവടായി ഒരേ ആട്ടിൻ കൂട്ടമായി ഇടയന്റെ പിന്നാലെ ചെല്ലണം. സഭ ക്രിസ്തുവിന്റെ ആളത്വത്തിന്റെ പ്രതീകമാണ്. മറ്റ് ആട്ടിൻകൂട്ടത്തെയും ചേർക്കുന്നതിനുള്ള നല്ല ഇടയന്റെ വാഞ്ജ നാം കാണുന്നു. ദരിദ്രനും ജീവൻ നൽകുന്നതാണ് ക്രിസ്തുവിന്റെ മാനിഫെസ്റ്റോ.

ഫ്രാൻസിസ് മാർപാപ്പയുടെ ദ് നെയിം ഓഫ് ഗോഡ് ഈസ് മെഴ്സി എന്ന പുസ്തകത്തിൽ ഏവർക്കും സുവിശേഷകൻ ആകുവാൻ സാധിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു. സ്വയം ശൂന്യമാക്കി ക്രൂശിന്റെ സമ്പന്നതയിൽ പങ്കു ചേരുവാൻ ക്രിസ്തുവിളിക്കുന്നുവെന്ന് ഓർമ്മിപ്പിക്കുന്നു. മുറിവേറ്റ് കിടക്കുന്നവന് അനുഗ്രഹത്തിന്റെ ഉറവയായി മാറുന്നത് നല്ല ശമര്യക്കാരനാണ്. പുരോഹിതൻ കാരുണ്യമില്ലാതെ കടന്നു പോകുമ്പോൾ യേശു കാണിച്ചത് കാരുണ്യത്തിന്റെ പ്രതീകമാണ്. അറിവുകൾ തിരിച്ചറിവുകളായി തീരുമ്പോൾ മാത്രമെ ക്രിസ്തു ശിഷ്യരായി തീരുവാൻ സാധിക്കൂ. അവിടെയാണ്, ആരാണ് അയൽക്കാരനെന്ന ചോദ്യം അവശേഷിക്കുന്നത്. അപരന്റെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കുന്നവനാണ് നമ്മുടെ അയൽക്കാരൻ. ആർക്കൊക്കെ ഇന്ന് നല്ല അയൽക്കാരനാകുവാൻ മനസ്സുണ്ട് എന്ന ചോദ്യം നമ്മെ അസ്വസ്ഥപ്പെടുത്തുന്നു. ആ നല്ല അയൽക്കാരന് ഉദാഹരണമാണ് നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയം. ദൈവത്തിന്റെ ആഗ്രഹം പോലെ നാം ഒന്നായി പ്രവർത്തിക്കണം. അതിനാൽ നാം ഐക്യത്തിന്റെ പാതയിൽ സഞ്ചരിച്ച് യേശു പിതാവിൽ ഒന്നായതു പോലെ നാമും ഒന്നാകണം. യേശുവിലൂടെ ലോകത്തിൽ വെളിപ്പെട്ട ദൈവ സ്നേഹത്തിൽ നില നിൽക്കണം. അത് ദൈവനാമ മഹത്വത്തിനായി ജനനന്മയ്ക്കായി തീരട്ടെ.

ബൈബിൾ സ്റ്റഡി :

# ക്രിസ്തു ഭാവവും ഭാഷയും

റവ. ഷിബി വർഗ്ഗീസ്.പി



*റവ.ഷിബി വർഗ്ഗീസ്.പി ബൈബിൾ ക്ലാസ്സിന് നേതൃത്വം നൽകുന്നു*

## വി.യോഹന്നാൻ 6-ാം അദ്ധ്യായം

വിശുദ്ധ യോഹന്നാന്റെ സുവിശേഷം വേദപുസ്തകത്തിലെ ആധികാരികമായ ദൈവശാസ്ത്രം വിവരിക്കുന്ന സുവിശേഷമാണ് ആറാം അദ്ധ്യായം. അഞ്ച് അനുഭവങ്ങളിലൂടെയുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കലുകളാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഒന്നാമതായി ഭക്ഷണം ഉടനീളം ഉപയോഗിച്ചിരിക്കുന്നുണ്ട്. രണ്ടാമതായി പോഷിപ്പിക്കുന്നത്, മൂന്നാമതായി വിശ്വാസത്തിന്റെ വിരുന്ന്, അവിടെ എന്തിനാണ് അപ്പം കഴിക്കുന്നത്. കഴിക്കുന്നതിലൂടെ എന്ത് പ്രയോജനമെന്നീ അഞ്ച് അനുഭവങ്ങളെ പങ്ക് വെയ്ക്കുന്നു. നാലാമതായി നൽകലിന്റെ ഭാഷ. അഞ്ചാമതായി മാംസം.

ഈ അദ്ധ്യായം ആരംഭിക്കുന്നത്, തിബര്യാസ് കടൽക്കരയിലാണ്. റോമൻ ചക്രവർത്തിമാരിൽ രണ്ടാമതായി ഭരണം നടത്തിയ തിബര്യാസിന്റെ സ്മരണയ്ക്കായി ഫിലിപ്പ് ചക്രവർത്തിയാൽ പണികഴിപ്പിച്ച തിബര്യാസ് കടൽക്കര സെമിത്തേരിയുടെ മുകളിൽ പണിതതായ കടൽക്കരയിൽ യേശു ഞാൻ ജീവന്റെ അപ്പമെന്ന് പറയുന്നു.

റോമൻ ഭരണത്തിലുള്ള യവനായസംസ്ക്കാരത്തിലുള്ള ആളുകളുടെ അനുഭവത്തിലാണ് യേശു തന്റെ അനുഭവങ്ങളെ പങ്കുവെയ്ക്കുന്നത്. മനുഷ്യന്റെ ഭൗതീകതയിൽ നിന്നുള്ള ആവശ്യങ്ങൾ നിവർത്തിച്ച ശേഷം ആത്മീയ കാര്യങ്ങളിൽ പ്രാധാന്യം നൽകുന്ന ജീവന്റെ അനുഭവമാണ് യേശു കാട്ടുന്നത്.

വിശപ്പ് എന്നത് മനുഷ്യന്റെ പരമപ്രധാനമായ ആവശ്യത്തിന് ഇടപെടുന്നത് ഫിലിപ്പോസ് എന്നും ഇന്നിന്റെ വിശപ്പിന്റെ ഇടങ്ങളിലേക്ക് ഉത്തമമാതൃകയാണ്. പെസഹായുടെ നാളിൽ നടക്കുന്നതായ ഈ അനുഭവം അപരന്റെ വിശപ്പ് ആത്മീയ ശുശ്രൂഷയുടെ ആരംഭമായി ചിത്രീകരിക്കുകയാണ്. യേശു പെസഹ ആചരിച്ചത് ഒരു പുറമ്പോക്ക് സ്ഥലത്താണ്. ഈ അദ്ധ്യായത്തിലൂടെ ക്രിസ്തുവിലൂടെ വെളിപ്പെടുന്നത് ഭാവവും ഭാഷയും ധ്യാനിക്കാം.

### ഭയത്തെ പൊതു ഇടങ്ങളിൽ പെസഹയാക്കിയ കർത്താവ്

സമവീക്ഷണ സുവിശേഷങ്ങളിൽ ശിഷ്യന്മാരോടൊപ്പം പെസഹ ആചരിക്കുന്ന യേശുവിനെ ദർശിക്കുമ്പോൾ യോഹന്നാൻ തന്റെ സുവിശേഷത്തിൽ പുരുഷാരത്തോടൊപ്പം പെസഹ ആചരിക്കുന്ന യേശുവിനെ ചൂണ്ടിക്കാണിക്കുന്നു. ഒരു പ്രത്യേക ഇടത്ത് നിന്നും സകല ഇടത്തേക്കും പകരപ്പെടുന്നുണ്ടെന്ന പെസഹായാണ് യേശു ഇവിടെ നൽകുന്ന മാതൃക. ബാലന്റെ കയ്യിലുള്ള അഞ്ച് യവത്തപ്പവും രണ്ട് മീനും എന്നത് ഈ ചെറിയവരുടെ ഭക്ഷണ മേശ കർത്താവ് എല്ലാ ഇടങ്ങളിലേക്കുമുള്ള പെസഹായാക്കി മാറ്റിയ അനുഭവമാണ് നമ്മിൽ വരേണ്ടത്.

സാമ്രാജ്യങ്ങളെ വെടിഞ്ഞ് എളിമയിൽ ജീവിക്കുന്ന കർതൃഭാവം. വിശന്നിരുന്ന ജനം ഭക്ഷണം കഴിച്ച് തൃപ്തരായപ്പോൾ അവർ കാത്തിരുന്ന മശിഹായാണ് യേശുവെന്ന് അവർ പ്രഖ്യാപിക്കുമ്പോൾ ആ ഭരണത്തിൽ നിന്നും അഥവാ അധികാരത്തിൽ നിന്നും വാങ്ങിപ്പോകുന്ന യേശുവിനെയാണ് കാണുന്നത്. ഭക്ഷണ വിരുന്നിനേക്കാൾ വിശ്വാസത്തിന്റെ വിരുന്നുകളെയാണ് ഇന്നിന്റെ ആവശ്യം. മരുഭൂ പ്രയാണത്തിൽ ഭക്ഷണം നൽകിയ മോശയെ യിസ്രായേൽ മക്കൾ ദൈവമാക്കിയ ചരിത്രത്തെ യേശു വീണ്ടും ഇവിടെ ഇന്നിന്റെ പല ദൈവങ്ങളോടുള്ള ഭ്രമത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ഈ ഭ്രമത്തിൽ നിന്നും എഴുന്നേറ്റ് ഇത്തരം ഭ്രമങ്ങൾക്ക് നടുവിൽ ക്രൂശ് തുണയാകണമെന്ന ബോദ്ധ്യമാണ് നൽകുന്നത്. ലോകത്തിന് ജീവനെ നൽകുന്ന ക്രൂശിന്റെ ഭാഷയാണ് മനുഷ്യരാശിയുടെ രക്ഷയുടെയും വിമോചനത്തിന്റെയും അനുഭവമായി മാറിയത്. ക്രൂശിന്റെ ഭാഷ വെട്ടിപ്പിടിക്കുന്നതിന്റെ ഭാഷയല്ല, മറിച്ച് നൽകിയതിന്റെ ഭാഷയാണ്. യഹൂദന്മാരുടെ മതഭക്തിയെ ചോദ്യം ചെയ്ത് ദൈവ ഭക്തിയാണ് ഉടലെടുക്കേണ്ടതെന്ന് യേശു ഈ ഭാഗത്തിൽ വ്യക്തമാക്കുന്നു.

നമുക്ക് അനുയോജ്യമായ ദൈവത്തിൽ നിന്നും സത്യദൈവത്തിലേക്കുള്ള യാത്രയിൽ ദൈവ വിളിയിലൂടെ മനുഷ്യയിടങ്ങളിൽ സാദ്ധ്യമാകേണ്ടത്.

മുറിപ്പെടുന്ന ജഡവും മാംസവും തകർന്നതും നുറുങ്ങിയതുമായ ശരീരത്തിലാണ് വചനം ജഡമായി തീർന്നത് എന്ന വലിയ ദൈവശാസ്ത്ര ബോദ്ധ്യമാണ് വിശുദ്ധ യോഹന്നാൻ നൽകുന്നത്. ഈ തകർക്കപ്പെട്ട മാംസത്തിലൂടെ സാദ്ധ്യമായ രക്ഷയാണ് മനുഷ്യന്റെ സങ്കീർണ്ണമായ ഏത് സാഹചര്യത്തിലും രക്ഷയിലേക്ക് വഴി തെളിയിക്കുന്നത്. യേശുവിന്റെ വാക്കുകൾ കഠിനമായി തോന്നിയ ശിഷ്യന്മാർ പലരും വാങ്ങിപ്പോകുമ്പോൾ അവന്റെ വാക്കുകളുടെ മർമ്മം അറിഞ്ഞവർക്ക് അവനെ വിട്ടേച്ചു പോകുവാൻ സാധിക്കുകയില്ലെന്ന് ശിമോനിൽ നാം ദർശിക്കുന്നു.

യേശു തന്റെ ജീവിത ദർശനം രാഷ്ട്രീയത്തിന്റെ രാജാവായല്ല, മറിച്ച് ക്രൂശിന്റെ രാഷ്ട്രീയമാണെന്ന ബോദ്ധ്യമാണ് നൽകുന്നത്. ചിലതൊക്കെ വേണ്ടെന്ന് വയ്ക്കാനുള്ള യേശുവിന്റെ ആർജ്ജവം നമ്മെ പഠിപ്പിക്കുന്നത് നിറവിൽ നിന്നും ഒഴിവിലേക്ക് മാറി സഞ്ചരിച്ച് ജീവിതങ്ങളെ പരിപോഷിപ്പിക്കുന്നതിനുള്ള ആത്മവിളിയാണ്.

### ഭാരവാഹിത്വം ഏറ്റെടുക്കേണ്ടതായ സന്നദ്ധത

പുരുഷാരം വയറു നിറഞ്ഞതുകൊണ്ട് തന്നെ അന്വേഷിക്കുന്നുവെന്ന് മനസ്സിലാക്കിയ യേശു ചില ചുമതലകൾ ഏറ്റെടുക്കുന്നതിനായി അവരെ വിളിക്കുകയാണ് ഈ ഭാഗത്ത്. മൗനികളായി ജീവിക്കുന്നതിന് അപ്പുറം ലോകത്തിനായി പ്രവൃത്തിക്കുന്നതിനുള്ള വിളിയാണ് ചില നിറവിന്റെ അനുഭവത്തിൽ നിന്നും നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ഭാരവാഹിത്വം, കാര്യവിചാരകത്വമായി സ്വയം മനസ്സിലാക്കി പ്രവർത്തിക്കുന്നതിനുള്ള ആഹ്വാനമാണ് നമ്മളിൽ ഉള്ളത്. ചുറ്റുപാടുകൾക്ക് നന്മയുള്ള കാവൽക്കാരനാകുവാനുള്ള ബോദ്ധ്യം നമ്മിൽ വസിക്കണം.

### വിശ്വാസത്തിന്റെ ഭോജനഭാവം

വിശ്വാസത്തിന്റെ പ്രാധാന്യത്തെ യേശു ഇവിടെ അനുഭവമായി പറയുന്നു. താത്ക്കാലിക വിളിച്ചു പറച്ചിലുകൾക്കുമപ്പുറമായി വിശ്വാസം ജീവിത രീതിയായും സ്വഭാവമായും മാറേണ്ടതുണ്ട്. പത്രോസിലൂടെയുള്ള ബോദ്ധ്യം നമ്മെ വെല്ലുവിളിക്കേണ്ടതായിട്ടുണ്ട്. നമ്മുടെയും ജീവന ഇടങ്ങളിൽ ഈ ബോദ്ധ്യത്തിലൂടെ കർത്താവിനെ പിൻപറ്റുന്നതിന് ക്രൂശിന്റെ ഭാവമുള്ളവരായും ആത്മീയ ജീവിതത്തിൽ ദൈവരാജ്യ മൂല്യമുള്ള മാതൃകകളാകാനുള്ള വെല്ലുവിളിയാണ് നമ്മിലും നിറവേറേണ്ടത്.

*തയ്യാറാക്കിയത്*
*സോജു തോമസ് മാത്യു*
*സനു ജോസഫ്*
*(മാർത്തോമ്മ വൈദീക സെമിനാരി, കോട്ടയം)*

### സാമൂഹിക തിന്മകൾക്കെതിരായ യോഗം :-

# സാമൂഹിക അസമത്വങ്ങൾക്കെതിരെയുള്ള കർത്തവ്യബോധം

## ബിഷപ്പ് മാർ തോമസ് തറയിൽ



*ബിഷപ്പ് മാർ തോമസ് തറയിൽ മാരാമൺ വേദിയിൽ പ്രസംഗിക്കുന്നു*

### ആമോസ് 5: 6-14


സാമൂഹിക തിന്മകൾക്കെതിരെയുള്ള മുന്നറിയിപ്പ് നൽകുന്ന പ്രവചന പുസ്തകമാണ് ആമോസ്. ദൈവനീതിയെ കുറിച്ച് മനുഷ്യനെ ഓർമ്മിപ്പിക്കുകയും, എപ്രകാരം സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഈ ഭാഗത്തിൽ കാണുന്നനു. കൃഷിഭൂമിയും, വിഭവങ്ങളും, ഏറെയുണ്ടായിട്ടും സാമ്പത്തീക അസമത്വങ്ങൾ നിലനിൽക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അത് ദാരിദ്ര്യത്തിലേക്ക് നയിക്കുന്നു. വേദനിപ്പിക്കുന്ന സാഹചര്യത്തിൽ പ്രതികരിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ദൈവീക നീതി ബോധമുള്ള നമ്മുടെ ദൗത്യമാണ്. അഴിമതിയും അടിമത്വ സ്വഭാവങ്ങളും തിരിച്ചറിയേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. ചരിത്ര പശ്ചാത്തലത്തിൽ മിഷണറിമാരുടെ വരവ് സാമൂഹിക ഉന്നമനത്തെ സ്വാധീനിച്ചിട്ടുണ്ട്. സഭയുടെ പരിത്യാഗമാണ് ഇന്ന് നാം കൈവരിച്ചിരിക്കുന്ന ഉന്നമനത്തിന്റെ അടിത്തറ. എന്നാൽ ഇന്നിന്റെ കാലഘട്ടത്തിൽ നരബലി പോലെയുള്ള പൊള്ളയായ വിശ്വാസങ്ങൾ, ആചാരങ്ങൾ തിന്മയായി മാറുന്നു. കൂടാതെ മദ്യവും മറ്റ് ലഹരി പദാർത്ഥങ്ങളും ഇന്ന് സുലഭമായി ലഭിക്കുന്നത് തിന്മയിലേക്ക് വഴിതെളിയിക്കുന്നു.

ക്രൈസ്തവ ജീവിതത്തിന്റെ മൂല്യവും അർത്ഥവും നഷ്ടപ്പെടുന്നത് ഇത്തരത്തിലുള്ള സ്വഭാവ രീതികളിലും ആചാരങ്ങളിലും അടിമയായി പോകുന്നതു കൊണ്ടാണ്. ഇവിടെയാണ് ക്രൈസ്തവ മൂല്യങ്ങൾ പ്രബലപ്പെടേണ്ടത്. ക്രൈസ്തവ സംസ്ക്കാരം വളരുന്നയിടത്താണ് മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നത്. സാമൂഹിക തിന്മകളെ ഒഴിവാക്കാതെ രക്ഷയിലേക്ക് വളരുവാൻ കഴിയുകയില്ലെന്ന ബോദ്ധ്യവും നമ്മിൽ സുവിശേഷത്തിലൂടെ വളരണം.

ക്രൈസ്തവ വിശ്വാസം അന്ധവിശ്വാസമല്ല, മറിച്ച് സത്യവിശ്വാസമാണ്. നമ്മളിലെ ദൈവ ബോധ്യം ഉണരുമ്പോൾ നമ്മിലെ മാനുഷിക മൂല്യങ്ങൾ ഉയരുന്നു. അവിടെയാണ് വിദ്യാലയങ്ങൾ ഉണ്ടാകുന്നത്. അത് തമസ്സിൽ നിന്നും ജ്യോതിയിലേക്ക് നയിക്കുന്നു. ആശുപത്രികൾ രൂപപ്പെടുന്നു, അത് കാരുണ്യത്തിന്റെ വലിയ ഇടങ്ങളായി മാറുന്നു. ഇവയിലൂടെ പുതുമാനങ്ങൾ ഉടലെടുക്കുന്നു. കുരിശെടുത്ത് നമുക്കായി മരിച്ച ക്രിസ്തുവാണ് നമ്മുടെ ജീവിത മാതൃക. ആ മാതൃക നമ്മുടെ ജീവിത സ്വഭാവവും മാതൃകയുമാകുമ്പോൾ നമ്മുടെ സ്നേഹിതന് ആഴത്തിൽ സ്നേഹിക്കും. അവർക്കായി കുരിശെടുക്കുവാൻ തയ്യാറാകും. ഒരുവന്റെ ഉള്ളിൽ നിന്നും പുറപ്പെടുന്നത് അവനെ അശുദ്ധനാക്കുന്നു. തിന്മകൾക്കെതിരായ മറുപടിയാണ് ദൈവ വചനത്തിൽ ആഴത്തിൽ ഇറങ്ങുന്നത്. ക്രിസ്തുവിൽ നവീകരിക്കപ്പെടുന്ന ജീവിത വഴിയാണ് മനുഷ്യനെ സ്നേഹത്തിന്റെ സംസ്ക്കാരം പഠിപ്പിക്കുന്നത്. വിശ്വാസത്തിലും പരിശുദ്ധാത്മാവിലും നവീകരിക്കപ്പെടുമ്പോഴാണ് ദൈവ സ്നേഹത്തിൽ വളരുന്ന സമൂഹ ഘടന രൂപപ്പെടുന്നത്. സ്നേഹമെന്നത് സ്വന്തമാക്കൽ മാത്രമല്ല, പങ്കുവെയ്ക്കൽ കൂടിയാണ്. മത്സരങ്ങളിൽ ജയിക്കുക മാത്രമല്ല, മൗനമായി തോറ്റു കൊടുക്കുവാനും പഠിപ്പിക്കുന്നതിലുമാണ്. സ്നേഹത്തിന്റെ സംസ്ക്കാരം നാം ഇന്നിന്റെ കാലഘട്ടത്തിൽ ക്രിസ്തു മൂല്യങ്ങളുമായി പുനഃവായിക്കേണ്ടതുണ്ട്. സമത്വമില്ലാത്ത ഘടനയും സമൂഹവും സാമൂഹിക തിന്മകൾ വർദ്ധിപ്പിക്കുന്നു. അവിടെയാണ് ക്രിസ്തുവിലുള്ള തിരിച്ചറിവിന്റെ രൂപപ്പെടൽ.

ക്രിസ്തു മൂല്യത്തിലുള്ള തിരിച്ചറിവുകൾ നമ്മെ സംതൃപ്തിയുള്ള സമൂഹമായി രൂപപ്പെടുത്തണം. ദൈവീക നീതിയിലുള്ള സ്നേഹവും പങ്കുവെയ്ക്കലും സാദ്ധ്യമാകണം. പരസ്പര ഭാരം വഹിക്കുന്ന ജീവികളായി യേശുവിൽ നവീകരിക്കപ്പെടുന്ന ഇടങ്ങളായി മാറണം. ദാരിദ്ര്യം, നീതിരാഹിത്യം, അസമത്വം തുടങ്ങിയവ നടമാടുന്നു. ഇന്നിന്റെ പരസ്പരങ്ങൾ ആമോസ് പ്രവാചകൻ നമ്മെ പ്രബോധിപ്പിക്കുന്നത് നാം ഒരിക്കലും വറ്റാത്ത നീതിയുടെ ഉറവയായി ന്യായത്തിന്റെ പ്രവാഹമായി നാം ഇന്നിന്റെ ലോകത്തിൽ പരിലസിക്കണം. അപ്രകാരം നീതിയുടെയും ന്യായത്തിന്റെയും നല്ല വാഹകരായി തീരുവാനും സാമൂഹിക അസമത്വങ്ങൾക്കെതിരെയുള്ള ജാഗ്രതയോടെ വളരുവാനും ദൈവം കൃപ ചെയ്യട്ടെ..

*തയ്യാറാക്കിയത്*
*സോജു തോമസ് മാത്യു*
*അലക്സ് ചെറിയാൻ*
*(മാർത്തോമ്മ വൈദീക സെമിനാരി)*



## യുവവേദി നാളെ മുതൽ

യുവവേദി യോഗങ്ങൾക്ക് നാളെ തുടക്കമാകും. ഉച്ചയ്ക്ക് 02.30 മുതൽ ആരംഭിക്കും.
ശ്രീ. എ സ്.എം.വി ജ യാ ന ന്ദ് സന്ദേശം നൽകും

## മദ്ധ്യസ്ഥ പ്രാർത്ഥന

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ വ്യാഴാഴ്ച വരെ, സ്റ്റേജിനു പിന്നിൽ പ്രവർത്തിക്കുന്ന സുവിശേഷ പ്രസംഗസംഘം ഓഫീസിൽ നൽകാവുന്നതാണ്.

കൗൺസിലിംഗ് ശുശ്രൂഷ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള സൗകര്യം കൗൺസിലിംഗ് ഷെഡ്ഡിൽ ക്രമീകരിച്ചിട്ടുണ്ട്.

## സ്തോത്രകാഴ്ചകളും സംഭാവനകളും

കൺവൻഷനിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് സ്തോത്രകാഴ്ചയും സുവിശേഷവേലയ്ക്കായുള്ള സംഭാവനയും നൽകുന്നതിനുള്ള ബാങ്ക് ഡീറ്റെയിൽസ് കൺവൻഷൻ തത്സമയം ടെലികാസ്റ്റ് ചെയ്യുന്ന മാധ്യമങ്ങളിൽ കൂടെ ലഭിക്കുന്നതാണ്. ഓൺലൈനായി പണമടയ്ക്കുന്നവർ പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെയും ക്യു ആർ കോഡ് സ്കാൻ ചെയ്തും സ്തോത്രകാഴ്ചയിൽ പങ്കുചേരാം.

## മണൽപ്പുറം പ്രകൃതി സൗഹൃദമായി സൂക്ഷിക്കുക

മണൽപ്പുറം പ്രകൃതി സൗഹൃദമായി സൂക്ഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മാലിന്യങ്ങൾ മണൽപ്പുറത്തും നദിയിലും വലിച്ചെറിയാതെ മാലിന്യ സംഭരണികളിൽ മാത്രം ഉപേക്ഷിക്കണം. പ്ലാസ്റ്റിക്, ഫ്ളക്സ്, ഡിസ്പോസിബിൾ ഗ്ലാസ്, ഡിസ്പോസിബിൾ പ്ലേറ്റ് എന്നിവ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു.

## കുടിവെള്ളം

മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളിൽ ചൂടുവെള്ളവും തണുത്ത വെള്ളവും സാധാരണ കുടിവെള്ളവും ലഭ്യമാണ്. കുടിവെള്ളം അമൂല്യമായി കരുതി ദാഹശമനത്തിന് മാത്രം ഉപയോഗിക്കണം. മറ്റാവശ്യങ്ങൾക്ക് മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന സാധാരണ ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കാവുന്നതാണ്.

## അരുതേ... അപകട സെൽഫി

കൺവൻഷൻ നഗറിൽ പലരും നദിയിൽ ഇറങ്ങി അപകടകരമായ തരത്തിൽ സെൽഫിയും ഫോട്ടോയും എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കണം. നദിയും പരിസരവും അപകടരഹിതമായി സൂക്ഷിക്കാം.

മദ്യ വർജ്ജന സമ്മേളനം

# ക്രിസ്തു മാർഗ്ഗത്തിലെ ധർമ്മ സഞ്ചാരം

## ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ




*മദ്യവർജ്ജന യോഗത്തിൽ ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ സംസാരിക്കുന്നു*

മദ്യമെന്ന മഹാ തിന്മക്ക് എതിരെ രൂഢമൂലമായ തീരുമാനം എടുക്കേണ്ടത് ആവശ്യമായിരിക്കുന്നു. ഈ മഹാവിപത്തിനെ നമുക്ക് എന്തു ചെയ്യുവാൻ കഴിയും? ഈ കൺവൻഷൻ അർത്ഥപൂർണ്ണമാകണമെങ്കിൽ അന്യന്റെ ജീവിതത്തിന്റെ നന്മയ്ക്കായി നാം ജീവിക്കണം. യേശുവാണ് മാർഗ്ഗമെങ്കിൽ, അവനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, യേശുവിന്റെ സന്ദേശം സ്വീകരിക്കണം, ക്രിസ്തുവിന്റെ പരിത്യാഗ മാതൃകയാണ് നമ്മിലും വിളങ്ങേണ്ടത്. മതത്തിന്റെ മൂല്യത്തിന്റെ ഇടിവ് ലോകരാഷ്ട്രങ്ങളിൽ വർദ്ധിക്കുന്നു. യുവജനങ്ങൾ മതത്തിൽ നിന്നും അകലുന്നു. യേശു മൂലം നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കുവാൻ സാധിക്കണം. പ്രലോഭനങ്ങളിൽ നിന്നും അകലണം. വിശ്വാസത്തെപ്പോലും നശിപ്പിക്കുന്ന തിന്മയ്ക്കെതിരെ ചില സഹന സമരങ്ങൾ ആവശ്യമാണ്.

നിർഭയമായി സത്യത്തെ മുറുകെ പിടിക്കുന്ന മാർഗ്ഗമാണ് ക്രിസ്തു പഠിപ്പിച്ചത്. അത്തരത്തിൽ നിർഭയമായ നിലപാടുകൾ ഉണ്ടാകണം. ഞാൻ അല്ലാതെ, എന്നോട് ചേർന്നവരെല്ലാം എന്റെ അയൽക്കാരനാണെന്ന തിരിച്ചറിവ് നമ്മിലുണ്ടാകുമ്പോൾ നിർഭയരായി ജീവിക്കുവാൻ സാധിക്കും. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ ക്രിസ്തു എന്നിൽ എന്ത് പരിവർത്തനമാണ് വരുത്തിയതെന്ന് നാം ചിന്തിക്കണം. ബൈബിളിൽ നിന്നുള്ള പ്രചോദനം ഗാന്ധിജിയെ ഉപ്പു സത്യാഗ്രഹമെന്ന നന്മയ്ക്ക് ധൈര്യം പകർന്നുവെങ്കിൽ, പരിവർത്തനത്തിന്റെ ചില വേദവായനകൾ ഉണ്ടാകണം. അത് സഭയിലും, സമൂഹത്തിലും നടത്തപ്പെടണം. അവ ജനകീയ സമരങ്ങളായി സമൂഹത്തിന്റെ എല്ലാ ഇടങ്ങളിലും എത്തണം. ചില കുരിശുകൾ എടുത്ത് യേശുവിനെ അനുഗമിക്കണം.

വേദപുസ്തകത്തിൽ നാം വിശ്വസിക്കുന്നുവെങ്കിൽ വചനം മുറുകെ പിടിച്ച് മദ്യത്തിനെതിരെ പോരാടണം. അതിനായി ഒരു ദൈവീക വെളിച്ചം നമ്മുടെ ഉള്ളിൽ ജ്വലിക്കണം. വിശ്വാസത്തിനൊപ്പം സമൂഹത്തിനായും ഒരു നിലപാട് നമുക്ക് സ്വീകരിക്കാം. എന്നാൽ ആ നിലപാട് ക്രിസ്തു സ്നേഹവുമായി തുലനം ചെയ്യപ്പെടുക തന്നെ ചെയ്യും. നിരുപാധികമായ ഈശ്വര സ്നേഹം നമ്മിൽ ഉണ്ടാകണം. അവ നമ്മിൽ തിന്മയ്ക്കെതിരെ ചില നന്മയുടെ വഴികൾ തെളിക്കണം. ഒരുനാൾ അവ വിജയത്തിലെത്തിച്ചേരുക തന്നെ ചെയ്യും. കണ്ണുനീരിന്റെ വിലയുള്ള ജീവിതങ്ങളിൽ ദൈവ സ്നേഹത്തിന്റെ സഹന സമരങ്ങൾ നമുക്ക് ആരംഭിക്കാം. ദൈവ സ്നേഹത്തിൽ നല്ല നാളെകൾ ഉണ്ടാകുവാൻ വേണ്ടി നമുക്ക് ചലിച്ച് തുടങ്ങാം.

# എക്യുമെനിസം സമൂഹത്തോടും ലോകത്തോടുമുള്ള പ്രതിബദ്ധതയിൽ : ഏലിയാമ്മ തോമസ്




*എക്യുമെനിക്കൽ യോഗത്തിൽ എൻ.സി.സി.ഐ പ്രസിഡന്റ് ശ്രീമതി.ഏലിയാമ്മ തോമസ് (ലീന) സംസാരിക്കുന്നു*

ജാതിമത ഭേദമെന്യേ ഏവരെയും കൂട്ടിവരുത്തുന്നതിനുള്ള വിശാലമായ ഭൂമികയാണ് മാരാമൺ കൺവൻഷൻ. ഈ മണൽപ്പുറത്തിന് ഇരുകരകളിലും കഴിയുന്നവർ ജാതി മത വ്യത്യാസമില്ലാതെ സഹകരിച്ചു പോന്നിരുന്നു. ഇതെല്ലാം ഉറപ്പിക്കുന്നത് വിശാലമായ എക്യൂമെനിസത്തിന്റെ നേർക്കാഴ്ചയാണ്.

ആധുനീക സമൂഹത്തിലെ വെല്ലുവിളികളെ നേരിടുന്നതിന് ക്രൈസ്തവ സഭകൾക്ക് വലിയ പങ്കാളിത്തമുണ്ട്. കാലഘട്ടത്തിന്റെ ഇത്തരം വെല്ലുവിളികളെ പ്രതിബദ്ധതയോടെ നേരിടാൻ സഭാ ഐക്യ പ്രസ്ഥാനങ്ങളിലൂടെ സഭകൾക്ക് കഴിയണം.

വ്യത്യസ്തതകളുടെ മധ്യത്തിൽ ഐക്യത്തിന്റെ ദർശനം എങ്ങനെ കണ്ടെത്തണമെന്ന് നാം ചിന്തിക്കണം. സഭകളുടെ തുറന്ന പ്രതിബദ്ധതയിലൂടെ മാത്രമെ കടന്നു വരുന്ന വേർതിരിവുകളെ അതിജീവിക്കുവാൻ നമുക്ക് കഴിയൂ. അതിനാൽ സഭൈക്യ കൂട്ടായ്മകളിൽ നിൽക്കുമ്പോഴാണ് അവയെ ചെറുക്കുന്നതിനുള്ള ശക്തി നമുക്ക് ലഭിക്കുന്നത്.

എന്നാൽ എക്യുമെനിസമെന്നത് സഭകളുടെ മാത്രം ഐക്യമല്ല. മറിച്ച് വിശാലമായ കാഴ്ച്ചപ്പാടിൽ മാനവിക ഐക്യവും സ്നേഹവും ഉറപ്പാക്കാനാണ് അവതാരം ചെയ്ത മനുഷ്യപുത്രനിലൂടെ ദൈവം ഈ ലോകത്തിന് വെളിപ്പെടുത്തിയിട്ടുമുണ്ട്.

എക്യുമെനിസം എന്നാൽ സഭകൾ യോജിച്ച് കഴിഞ്ഞോ ആരാധനപരമായോ കൂദാശപരമായോ എന്തെങ്കിലും വ്യത്യാസമുണ്ടോയെന്നും നോക്കാതെ സമൂഹത്തോടും ലോകത്തോടുമുള്ള പ്രതിബദ്ധതയിൽ സാമൂഹിക സാക്ഷ്യം നിറവേറ്റുന്നുണ്ടോയെന്നതിലാണ്.

എക്യുമെനിസം പ്രാവർത്തികമാകുന്നതിന് ജനമധ്യത്തിലേക്ക് നമ്മുടെ സാക്ഷ്യം ആഴ്ന്നിറങ്ങുന്നില്ലെങ്കിൽ എക്യുമെനിസം അർത്ഥമുള്ളതായി തീരില്ല. യേശുവിലൂടെ ലോകത്തിൽ വെളിപ്പെട്ട ദൈവ സ്നേഹത്തിൽ നിലനിന്നാണ്. മാനവരാശിയുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടവരിലേക്കും അശരണരിലേക്കും വേർതിരിവേൽക്കുന്നവരിലേക്കും എത്തുമ്പോഴാണ് എക്യുമെനിസം കർമ്മ പഥത്തിൽ നിറവേറ്റപ്പെടുന്നത്. സമകാലിക എക്യുമെനിസത്തിന്റെ വിശാലമായ വാതായനങ്ങളിലൂടെ മാനവ രാശിയുടെ വീണ്ടെടുപ്പ് സാധ്യമാകണം.

*(തയ്യാറാക്കിയത്*
*സാനു ജോസഫ്*
*അലക്സ് ചെറിയാൻ*
*മാർത്തോമ്മാ വൈദീക സെമിനാരി)*


**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**

അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം
അജി അലക്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

റവ.ജിജി മാത്യൂസ്
പ്രൊഫ.ഡോ.അജിത് വർഗ്ഗീസ് ജോർജ്ജ്
റവ.സജി പി സൈമൺ
ജേക്കബ്ബ് ശാമുവേൽ
പി.പി.അച്ചൻകുഞ്ഞ്
പി.കെ.കുരുവിള
തോമസ് കോശി
ജോസ് പി വയയ്ക്കൽ
ലറ്റീഷ്യ തോമസ്
സജി എം ജോർജ്

**ഡിസൈൻ & ലേ ഔട്ട്**

അരുൺ കുംബ്ലോലിൽ
ഷിജു ചുനക്കര



**മാരാമൺ കൺവൻഷൻ പാട്ടു പുസ്തകങ്ങൾ (മലയാളം & ഇംഗ്ലിഷ് ട്രാൻസ്ലിറ്ററേറ്റഡ്) 20 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.**

**കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.**

**കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ**


## മാരാമണ്ണിൽ നാളെ

16.02.2023

രാവിലെ 07.30 മുതൽ 08.30
**കുട്ടികളുടെ യോഗം** -
കുട്ടിപ്പന്തലിൽ- സി.എസ്.എസ്.എം
ബൈബിൾ ക്ലാസ്സ് -
**റവ.മോത്തി വർക്കി**

09.30 മുതൽ പൊതുയോഗം
അദ്ധ്യക്ഷൻ : -
**തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പ**
വചന ശുശ്രൂഷ : -
**റവ.മാർക്ക് ഡി ചാപ്മാൻ**

ഉച്ചയ്ക്ക് 02.30 മുതൽ
**യുവവേദി**
സന്ദേശം : **എസ്.എം.വിജയാനന്ദ്**

വൈകുന്നേരം 05.00 മുതൽ
സന്നദ്ധ സുവിശേഷക സംഘം മീറ്റിങ്ങ്
അദ്ധ്യക്ഷൻ :-
**ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ**
വചന ശുശ്രൂഷ :-
**ബിഷപ്പ് ധിലോരാജ് കനഗസാബെ**